(സി) മിൽമാ ഏജൻസിയോ അപ്കോസ് സൊസൈറ്റികളോ ഇല്ലാത്ത സ്ഥലങ്ങളിലെ അംഗൻവാടികളിൽ പാൽ ലഭിക്കുന്നില്ല. ഇതൊഴിവാക്കുന്നതിനു വേണ്ടി പരമ്പരാഗത സൊസൈറ്റികളിൽ നിന്നുകൂടി പാൽ വാങ്ങുന്നതിനും, അത് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ മിൽമ പാൽപ്പൊടി നൽകുന്നതിനും പാൽ വിതരണചുമതല, മേൽനോട്ടം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കുന്നതിനും സാദ്ധ്യമായ കാര്യങ്ങൾ പരിശോധിച്ചുവരുന്നുണ്ട്.

(ഡി) ഒരു കപ്പ് പാലും ഷേക്ഹാന്റും പദ്ധതിപ്രകാരം കുട്ടികൾക്ക് പാൽ നൽകുന്നത് അംഗൻവാടികൾ മുഖേനയാണ്. ഓരോ മാസവും വിതരണം ചെയ്ത പാലിന്റെ കണക്ക് അംഗൻവാടിവർക്കർ, ഐ.സി.ഡി.എസ്. സൂപ്പർ വൈസർമാർക്ക് നൽകണം. സൂപ്പർവൈസർമാർ ടി കണക്കുകൾ (റിപ്പോർട്ട്) സി.ഡി.പി.ഒ. യ്ക്ക് നൽകണം. സി.ഡി.പി.ഒ. യ്ക്ക് ലഭിക്കുന്ന കണക്കുകൾ ക്രോഡീകരിച്ച് മിൽമയുടെ കണക്കുമായി ഒത്തുനോക്കി ആവശ്യമായ സർട്ടിഫിക്കറ്റു സഹിതം സി.ഡി.പി.ഒ. ജില്ലാ പ്രോഗ്രാം ഓഫീസർ മുഖേന ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് നൽകുന്നു. അംഗൻവാടി തലത്തിൽ വാർഡ് മെമ്പറും നിയോജകമണ്ഡലത്തിൽ സ്ഥലം എം.എൽ.എ. അദ്ധ്യക്ഷനായുള്ള കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം പലതരത്തിലുള്ള മേൽനോട്ടം നടത്തി അർഹരായവർക്ക് പ്രയോജനപ്രദമായ രീതിയിൽ വിനിയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു.

കേന്ദ്ര ഗവൺമെന്റിന്റെ 'ഭാഗ്യശ്രീ പദ്ധതി'

42 (4202) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവൺമെന്റിന്റെ 'ഭാഗ്യശ്രീ പദ്ധതി' സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ടോ ;

(ബി) രക്ഷകർത്താക്കൾക്ക് അപകട മരണം സംഭവിച്ചതുമൂലം 18 വയസ്സിൽ താഴെയുള്ള എത്ര പെൺകുട്ടികൾക്ക് ഇതിന്റെ പ്രയോജനം കിട്ടിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതി സംസ്ഥാനത്ത് ഏർപ്പെടുത്തുന്ന പക്ഷം അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നത് ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി മുഖേനയാണ്.

(ബി) നിലവിൽ ലഭിച്ചിട്ടുള്ളതായി അറിവില്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly